കൊച്ചി മെട്രോ-ടാക്സിൽ ഇളവ്

133 (6584) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിച്ച ബഡ്ജറ്റിൽ കൊച്ചിമെട്രോയുടെ വർക്ക്കോൺട്രാക്ട് ടാക്സ് ഒഴിവാക്കി കൊടുക്കുന്നതിന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് ഏത് തീയതിയാണെന്നു വ്യക്തമാക്കാമോ ;

(സി) ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

ഉത്തരം

(എ-സി) മറ്റ് സംസ്ഥാനങ്ങൾ മെട്രോപോലെയുള്ള പദ്ധതികൾക്ക് നൽകിയ ഇളവുകൾക്ക് സമാനമായി, നിർദ്ദിഷ്ട വ്യവസ്ഥകൾക്ക് വിധേയമായി ഈ പദ്ധതിയിന്മേലുള്ള വർക്സ് കോൺട്രാക്ട് നികുതി ഒഴിവാക്കുന്നതാണെന്ന് കേരള ബഡ്ജറ്റ് 2014-ൽ പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് 2014-ലെ ധനകാര്യ ബില്ലിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).* എന്നാൽ ഇളവ് വ്യവസ്ഥകൾ എന്തൊക്കെയായിരിക്കണമെന്നുള്ളത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കൊച്ചി മെട്രോയുടെ വർക്ക് കോൺട്രാക്ട് ടാക്സ് ഒഴിവാക്കികൊടുത്ത നടപടി

134 (6585) ശ്രീ. കെ. കെ നാരായണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോയുടെ വർക്ക് കോൺട്രാക്ട് ടാക്സ് ഒഴിവാക്കികൊടുത്തത് ടെണ്ടർ നടപടി പൂർത്തീകരിച്ചതിന് ശേഷമാണെന്നുള്ളത് ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിധത്തിൽ ടാക്സ് ഒഴിവാക്കികൊടുക്കുന്നത് കൊണ്ട് വർക്ക് ടെണ്ടർ എടുത്ത കമ്പനികൾക്കാണ് ഇതിന്റെ ഗുണം ലഭ്യമാകുക എന്നത് ധനകാര്യ വകുപ്പ് ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) ഉണ്ട് എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) കൊച്ചി മെട്രോയുടെ ഇതുവരെ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ തുക ഓരോ പ്രവൃത്തിക്കും എത്രവീതമാണെന്ന് അറിയാമോ ;

(ഇ) വർക്ക് കോൺട്രാക്ട് ടാക്സ് ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടം വരുന്ന തുക എത്രയാണെന്ന് ധനകാര്യവകുപ്പ് കണക്കാക്കിയിട്ടുണ്ടോ ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly